JAA (C)

The document should be uploaded to the Department website

"ഭരണഭാഷ-മാതൃഭാഷ"

# വ്യാവസായിക പരിശീലന വകുപ്പ്
## (കേരള സംസ്ഥാനം)

## ട്രെയിനിംഗ് ഡയറക്ടറുടെ നടപടി ക്രമം
(നിലവിൽ: എ.ഷൈനാമോൾ ഐ.എ.എസ്.)

തൈക്കാട് തിരുവനന്തപുരം-14,

വിഷയം: വ്യാവസായിക പരിശീലന വകുപ്പ് – ജീവനക്കാര്യം – 9/2013 എസ്.സി.വി.റ്റി.പരീക്ഷ എഴുതിയ ട്രെയിനികളുടെ ഉത്തരക്കടലാസുകൾ നഷ്ടപ്പെട്ടത് – ഉത്തരവാദികളായ ജീവനക്കാരെ സസ്പെൻഡ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1. ജി2/1146/14 നമ്പറായ 05/2014 ലെ അഡീഷണൽ ഡയറക്ടറുടെ അനൗദ്യോഗിക കുറിപ്പ്.

2. ജി2/1146/14 നമ്പറായ 29/04/2014 പ്രകാരമുള്ള പ്രഥമ അന്വേഷണ റിപ്പോർട്ട്

------------

## ഉത്തരവ് നമ്പർ വിസി/25226/14 തീയതി: 16/05/2014

സെപ്റ്റംബർ 2013-ൽ നടന്ന എസ്.സി.വി.റ്റി പരീക്ഷ എഴുതിയ ആര്യനാട് ഐ.ടി.ഐ യിലെ രണ്ട് ട്രെയിനികളുടെ എംപ്ലോയബിലിറ്റി സ്കിൽ പരീക്ഷയുടെ ഉത്തരക്കടലാസുകൾ മൂല്യനിർണ്ണയക്യാമ്പിൽ വച്ച് നഷ്ടപ്പെടുകയും തന്മൂലം പരീക്ഷയെഴുതിയ ടി ട്രെയിനികളുടെ പരീക്ഷാഫലം ടി വിഷയത്തിൽ 'ആബ്സെന്റ്' രേഖപ്പെടുത്തി പ്രസിദ്ധീകരിക്കാൻ ഇടയാകുകയും ചെയ്തു. ഇപ്രകാരം മൂല്യനിർണ്ണയ ക്യാമ്പിൽ വച്ച് ഉത്തരക്കടലാസുകൾ നഷ്ടപ്പെട്ടതും പരീക്ഷാഫലം തെറ്റായി പ്രസിദ്ധീകരിച്ചതും വകുപ്പിന്റെ പ്രതിച്ഛായയ്ക്ക് കോട്ടം വരുത്തിയിരിക്കുന്നു.

ടി നടപടി ഗുരുതരമായ കൃത്യവിലോപമായതിനാൽ പരാമർശം (2) പ്രകാരം നടത്തിയ പ്രഥമ അന്വേഷണറിപ്പോർട്ട് അനുസരിച്ച് ഉത്തരവാദികളായ താഴെപ്പറയുന്ന ഉദ്യോഗസ്ഥരെ ഉടൻ പ്രാബല്യത്തിൽ വരത്തക്കവിധം അന്വേഷണ വിധേയമായി സേവനത്തിൽ നിന്ന് സസ്പെൻഡ് ചെയ്ത് ഉത്തരവാകുന്നു.

1. ശ്രീ.ജയകുമാർ, സീനിയർ സൂപ്രണ്ട്, ബി.ടി.സി കൊല്ലം
2. ശ്രീ.പത്മകുമാർ,സീനിയർ സൂപ്രണ്ട്, ഐ.ടി.ഐ ചാത്തന്നൂർ
3. ശ്രീ.സി.ഉണ്ണികൃഷ്ണപിള്ള, ജൂനിയർ സൂപ്രണ്ട്, ഐ.ടി.ഐ തേവലക്കര
4. ശ്രീ.ഷമീറുദ്ദീൻ.എസ്, എൽ.ഡി.സി, ഐ.ടി.ഐ മണീട് (നിലവിൽ ഐ.ടി.ഐ. കളമശ്ശേരി)
5. ശ്രീ.ഷിബു.കെ, ഹെഡ് ക്ലാർക്ക്, ഐ.ടി.ഐ കൊല്ലം.

മറുപുറം

സസ്പെൻഡ് ചെയ്യപ്പെട്ട ഉദ്യോഗസ്ഥർക്ക് കെ.എസ്.ആർ.പാർട്ട്-1 റൂൾ 55 നോട്ട് 3 പ്രകാരം ഉപജീവനബത്തയ്ക്ക് അർഹതയുണ്ടായിരിക്കുന്നതാണ്.

ട്രെയിനിംഗ് ഡയറക്ടർ

<u>സ്വീകർത്താവ്:</u>

ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക്
(പ്രിൻസിപ്പാൾ മുഖേന)

പകർപ്പ്-1. പ്രിൻസിപ്പാൾ, ഐ.ടി.ഐ/ചാത്തന്നൂർ/
തേവലക്കര/മണീട്, കൊല്ലം/ബി.ടി.സി കൊല്ലം
2. സ്റ്റോക്ക് ഫയൽ (വിസി)

R/16/5/14